പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2080 26-10-2026-ൽ മറുപടിയ്ക്ക്

ചാലക്കുടി എഫ്.സി.ഐ. ഗോഡൗണിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ചാലക്കുടി എഫ്.സി.ഐ. ഗോഡൗണിൽനിന്ന് ദിവസങ്ങളായി ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ലോറി ഉടമകളും കോൺട്രാക്ടർമാരുമായുള്ള വാഹന വാടക തർക്കം ഉണ്ടായതിനെ തുടർന്ന് എഫ്.സി.ഐയിൽ നിന്ന് സ്റ്റോക്ക് എടുക്കുന്ന നടപടികൾ താൽക്കാലികമായി തടസ്സപ്പെട്ടിരുന്നു. 12/10/26 ൽ ജില്ല, താലൂക്ക് സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചകളെ തുടർന്ന് 15/10/26 മുതൽ സ്റ്റോക്ക് വിട്ടെടുക്കൽ പുനരാരംഭിച്ചിട്ടുണ്ട്. സമയബന്ധിതമായി വിട്ടെടുക്കൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കയറ്റിറക്ക് തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: കയറ്റിറക്ക് തൊഴിലാളികളുടെ വേതനവർദ്ധനവ് സംബന്ധിച്ച പരാതികളൊന്നും നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻ രംഗത്തെ കയറ്റിറക്ക് കൂലി സംസ്ഥാന തലത്തിലാണ് നിർണയിക്കുന്നത്. ഇതിൻ പ്രകാരം കയറ്റിറക്കുലി നിശ്ചയിച്ചുകൊണ്ട് 19.06.2025 തീയതിയിൽ സ.ഉ. (കൈ) നം.205/2025/F&CS നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ആദിവാസി, തോട്ടം മേഖലകളിൽ റേഷൻ സാധനങ്ങൾ കാലതാമസമില്ലാതെ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ;വ്യക്തമാക്കാമോ?

മറുപടി: കേരളത്തിലെ ആദിവാസി ഊരുകളിലും തോട്ടം മേഖലകളിലും റേഷൻ സാധനങ്ങൾ യാതൊരു കാലതാമസവുമില്ലാതെ കൃത്യസമയത്ത് എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ പരിമിതമായ ഉൾവനങ്ങളിലെ ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിന് പ്രത്യേക

മൊബൈൽ റേഷൻ സംവിധാനങ്ങൾ 'സഞ്ചരിക്കുന്ന റേഷൻ കട' എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. ആദിവാസി മേഖലകളിലെ ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ സപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും നേതൃത്വത്തിൽ നിരന്തരമായ നിരീക്ഷണം, പരിശോധന എന്നിവ നടത്തിവരുന്നുണ്ട്. തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലയം മേഖലകളിൽ റേഷൻ സാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കാൻ ആവശ്യമായ അധിക സ്റ്റോക്ക് മുൻകൂട്ടി ഉറപ്പുവരുത്തുകയും റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ